**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>ആശ്വാസ് പദ്ധതി</u>**

**6654 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**
**,, റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ 'ആശ്വാസ് 2011' പദ്ധതി വിജയകരമായിരുന്നോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി വായ്പാകുടിശ്ശിക വരുത്തിയവർക്ക് എന്തെല്ലാം ഇളവുകൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആശ്വാസ് പദ്ധതി നടപ്പുസാമ്പത്തിക വർഷത്തിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ വിവിധ പദ്ധതികൾ

6655 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ കാലയളവുകളിലായി എന്തെല്ലാം ധനസഹായ പദ്ധതികളും വേതനവർദ്ധന, ജോലി സംരക്ഷണം എന്നിവ സഹകരണ മേഖലകളിൽ നടപ്പിലാക്കുകയുണ്ടായി, വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്, വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**സഹകരണ മേഖലയിൽ പഠനസമിതികൾ**

6656 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഏതെല്ലാം പഠനസമിതികൾ രൂപീകരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സമിതികൾ രൂപീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഷയങ്ങളിൽ പഠനറിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) റിപ്പോർട്ടുകളിൽ എടുക്കാനുദ്ദേശിക്കുന്ന അനന്തര നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പട്ടികജാതി പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം**

6657 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പിനായും വിലയിരുത്തലിനുമായി ഉന്നതതല സമിതി രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ സംഘങ്ങളുടെ വികസനം ത്വരിതപ്പെടുത്താന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം**

**6658**

**ശ്രീ. മോൻസ് ജോസഫ്**
**,, തോമസ് ഉണ്ണിയാടൻ**
**,, സി. എഫ്. തോമസ്**
**,, ടി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സഹകരണ മേഖലയിലുളള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ നിയമനം പി. എസ്. സി. വഴി നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധികബാധ്യത</u>

6659 ശ്രീ. ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. ലതിക
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പയ്ക്കുള്ള പലിശ സബ്സിഡി, പിഴപ്പലിശ ഒഴിവാക്കൽ, കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ കമ്പോളത്തിൽ ഇടപെടാനുള്ള സംരംഭങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം തുടങ്ങിയുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്കു ണ്ടാകുന്ന അധിക ബാധ്യത കണക്കാക്കി വകവച്ച് കൊടുക്കാറു ണ്ടോ ;

(ബി) മേൽപ്പറഞ്ഞ പോലുള്ള എല്ലാ ഇനങ്ങളിലുമായി സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾക്ക് വകവച്ച് കിട്ടേണ്ടതായ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വായ്പാ സംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സർക്കാർ പ്രഖ്യാപിച്ച ഹ്രസ്വകാല വായ്പകൾക്കുള്ള പലിശ സബ്സിഡി ഇനത്തിൽ, സഹകരണ ബാങ്കുകൾക്ക് എന്തു തുക ഇതിനകം നൽകുകയുണ്ടായി എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നീതി സ്റ്റോറുകൾ**

6660

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ആവശ്യ സാധനങ്ങളുടെ വിലനിയന്ത്രണവുമായി ബന്ധപ്പെട്ട് നീതി സ്റ്റോറുകളിൽ പ്രത്യേക പരിപാടികൾ നടപ്പാക്കിയിട്ടുണ്ടോ;

(സി) നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും കൺസ്യൂമർ ഫെഡ് വിലനിയന്ത്രണത്തിനായി പുതിയ സംവിധാനങ്ങൾ ആവിഷ്ക്കരിക്കാൻ നിർദ്ദേശമുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നീതി ഗ്യാസ് സിലിണ്ടര്‍**

**6661 ശ്രീമതി പി. അയിഷാപോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവ
സായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡ് നീതി ഗ്യാസ് സിലിണ്ടര്‍ ഒന്നിന് നിലവില്‍ ഈടാക്കുന്നത് എത്ര രൂപയാണ്;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വരുമ്പോള്‍ നീതി ഗ്യാസ് സിലിണ്ടര്‍ ഒന്നിന് എത്ര രൂപയായിരുന്നു;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നീതി ഗ്യാസ് സിലിണ്ടറിന് എത്ര തവണ വില വര്‍ദ്ധിപ്പിച്ചു; എത്ര രൂപ വീതം;

(ഡി) ന്യായവിലയ്ക്ക് ഉപഭോക്താക്കള്‍ക്ക് നീതി ഗ്യാസ് ലഭ്യമാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കും?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ത്രിവേണി സ്റ്റോറുകൾ**

**6662 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ത്രിവേണി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്;

(സി) പുതിയ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അവ എവിടെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

6663 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അത്തരം നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**സഹകരണ പ്രസ്ഥാനത്തിൽ ചെറുപ്പക്കാരുടെ കടന്നുവരവ്**

**6664 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ; വ്യക്തമാക്കുമോ;

(ബി) 2011-2012 കാലയളവിൽ സംസ്ഥാനത്തെ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിലായി എത്ര ലേബർ കോൺട്രാക്ട് സൊസൈറ്റിയും, ടൂറിസം സൊസൈറ്റിയും രജിസ്ട്രേഷനായി അപേക്ഷാഫീസടച്ചു നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് ഏതെല്ലാമെന്ന് പേരും ചീഫ് പ്രൊമോട്ടറുടെ പേരും അടക്കം ലഭ്യമാക്കുമോ ;

(സി) എത്ര സൊസൈറ്റികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം ;

(ഡി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത ഏതെങ്കിലും ഒരു ടൂറിസം സൊസൈറ്റിയുടെ നിയമാവലിയുടെ കോപ്പി ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നന്മ സ്റ്റോറുകൾ**

**6665 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എവിടെയെല്ലാം എത്ര വീതം നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) നന്മ സ്റ്റോറുകളുടെ ഉത്ഘാടനം ഔപചാരിക പരിപാടിയിൽപ്പെടുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>**

**6666**

**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് 5,68,82791/- രൂപ അനുവദിച്ചുകൊണ്ട് ഫിഷറീസ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **സഹകരണ സംഘങ്ങൾക്ക് പ്രസ്തുത തുക കൈമാറിക്കഴിഞ്ഞിട്ടുണ്ടോ;**

(സി) **ഇല്ലെങ്കിൽ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് തുക അടിയന്തിരമായി കൈമാറാനുള്ള നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>പ്രാഥമിക കാര്‍ഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം</u>**

**6667 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക കാര്‍ഷിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം കര്‍മ്മ പദ്ധതികള്‍ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് ;

(ബി) പ്രാഥമിക കാര്‍ഷിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പ്രസാധനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

6668 ശ്രീ. ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രസാധനരംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി;

(ബി) സാഹിത്യപ്രവർത്തക സഹകരണ സംഘം എത്ര പുസ്തകങ്ങളാണ് ഈ കാലയളവിൽ പ്രകാശനം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംഘം എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കേരള സഹകരണ റിസ്ക് ഫണ്ട്**

6669 ശ്രീ. സി.കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീക രണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഏതൊക്കെ വായ്പാപദ്ധതികൾക്കാണ് ലഭ്യമാക്കുന്നത്;

(ബി) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഏത് കാലയളവിൽ ലോൺ എടുത്തവർക്കാണ് ലഭിക്കുന്നത്;

(സി) ഈ പദ്ധതിയിൽ അംഗമാകാതിരിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട്;

(ഡി) ഈ പദ്ധതിയിൽ അംഗമാകാത്ത സംഘങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ 'റിസ്ക് ഫണ്ട്'**

6670 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശം നൽകുമോ; ഇത് പ്രകാരം എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ആർ. ബി. ഐ. നിയന്ത്രണം**

**6671**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ആർ. ബി. ഐ. യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമ നിർമ്മാണ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം**

6672 **ശ്രീമതി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം ആരംഭിക്കുന്നതിന് സഹകരണ ജോയിന്റ് രജിസ്ട്രാറിന്റെ അംഗീകാരം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് ജില്ലകളിൽ ഈ സ്കീം ആരംഭിക്കുന്നതിന് പ്രസ്തുത അംഗീകാരം ആവശ്യമില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിലെ സംഘങ്ങൾക്ക് ട്രഷറി ഡിപ്പോസിറ്റ് ഒഴിവാക്കി ജി. ഡി. എസ് സ്കീം തുടങ്ങുന്നതിന് അനുമതി നൽകുമോ ?

# കേരള നിയമസഭ
## 12.07.2012 –ലെ മറുപടിക്ക്

**തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഭരണം**

**6673** ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവ
സായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററിൽ നിന്ന് എപ്പോൾ ഒഴിവാക്കാൻ കഴിയുമെന്നും, പുതിയ ഭരണ സമിതിയെ എപ്പോൾ ചുമതല ഏല്പിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**സർവ്വീസ് സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ**

6674 ശ്രീ. എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഒരു സംഘത്തിന്റെ കീഴിൽ എത്ര ബ്രാഞ്ചുകളും ഒരു ബ്രാഞ്ചിൽ എത്ര ഉപഭോക്താക്കളും ഉണ്ടാകണം എന്ന് വ്യവസ്ഥയുണ്ടോ;

(സി) ബ്രാഞ്ചുകൾ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥൻമാരുടെ നിയമനം ലക്ഷ്യമാക്കി സംഘങ്ങൾ അടുത്തടുത്ത് ബ്രാഞ്ചുകൾ തുടങ്ങുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ജില്ലാ സഹകരണ ബാങ്ക് നൽകുന്ന വായ്പകൾ**

**6675**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലാ സഹകരണ ബാങ്കുകൾ ഏതെല്ലാം കാര്യങ്ങൾക്കാണ് കാർഷിക/കാർഷികേതര വായ്പകൾ നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക/കാർഷികേതര വായ്പകളുടെ അനുപാതം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ജില്ലാ സഹകരണ ബാങ്കുകൾ അനുവദിച്ച കാർഷിക/കാർഷികേതര വായ്പകളുടെ കണക്ക് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പുതുതായി ടൂറിസം സൊസൈറ്റികള്‍**

6676 **ശ്രീ. എസ് രാജേന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ടൂറിസം സാദ്ധ്യതയുള്ള വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളില്‍ പുതുതായി എത്ര ടൂറിസം സൊസൈറ്റികള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷാഫീസടച്ച് രജിസ്ട്രേഷന്‍ നടപടിക്കായി എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്;

(സി) ഈ കാലയളവില്‍ സൊസൈറ്റീസ് ആക്ട് പ്രകാരം 25 വ്യത്യസ്ത കുടുംബങ്ങള്‍ ചേര്‍ന്ന് രജിസ്റ്റര്‍ ചെയ്ത ടൂറിസം സൊസൈറ്റികള്‍ എത്രയാണ്; അതിന്റെ ചീഫ് പ്രമോട്ടര്‍മാര്‍ ആരൊക്കെയാണ്;

(ഡി) രജിസ്റ്റര്‍ ചെയ്ത സൊസൈറ്റിയുടെ നിയമാവലിയുടെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വ്യത്യസ്ത കുടുംബാംഗങ്ങള്‍ ചേര്‍ന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികള്‍**

**6677 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം 25 വ്യത്യസ്ത കുടുംബാംഗങ്ങള്‍ ചേര്‍ന്ന് എത്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റികള്‍ രൂപീകരിച്ചിട്ടുണ്ട്;

(ബി) സൊസൈറ്റികള്‍ രൂപീകരിക്കുന്നതിനായി എത്ര അപേക്ഷകള്‍ ഫീസൊടുക്കി, വിവിധ എ. ആര്‍., ജെ. ആര്‍ ഓഫീസുകളില്‍ കെട്ടിക്കിടപ്പുണ്ട് ;

(സി) അപേക്ഷ കൈപ്പറ്റിയതായി എന്തെങ്കിലും രേഖകള്‍ നല്‍കാറുണ്ടോ ;

(ഡി) അപേക്ഷ കൈപ്പറ്റി എത്ര ദിവസത്തിനുളളില്‍ അനന്തര നടപടികള്‍ സ്വീകരിക്കണമെന്നാണ് ആക്റ്റില്‍ പറയുന്നത് ; ഇതു പാലിക്കപ്പെടാറുണ്ടോ ; ഇല്ലെങ്കില്‍ എന്തുകൊണ്ടാണ് ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ പിരിച്ചുവിട്ട ഭരണ സമിതികൾ**

**6678 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ പിരിച്ചുവിട്ടിട്ടുണ്ടെന്ന് കാരണസഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിലെ ചതുർത്ഥ്യാകരി എസ്.സി.ബി. ഭരണസമിതി പിരിച്ചുവിടാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സ്ഥലവും വാഹനവും വാങ്ങുന്നതിന് ഈ വർഷം സെപ്റ്റംബർ മാസത്തിനകം അനുമതി വാങ്ങിയാൽ മതിയായിട്ടും പ്രസ്തുത ഭരണ സമിതി പിരിച്ചുവിട്ടതിന്റെ കാരണം വിശദമാക്കുമോ;

(ഡി) അനുമതിയില്ലാതെ കൊയ്ത്ത് യന്ത്രങ്ങളും വാഹനങ്ങളും വാങ്ങിയ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ ഇപ്പോൾ ആലപ്പുഴ ജില്ലയിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പുനലൂർ നിയോജകമണ്ഡത്തിൽ കൺസ്യൂമർഫെഡിന്റെ സംഭരണശാല**

**6679 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഏരൂർ പഞ്ചായത്തിൽ സ്ഥലം ലഭ്യമാക്കിയാൽ കൺസ്യൂമർഫെഡിന്റെ സംഭരണശാല ആരംഭിക്കുമോ;

(ബി) എങ്കിൽ എത്ര സ്ഥലമാണ് ആവശ്യമായിവരുന്നത്; കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ സംഭരണശാല തുടങ്ങുന്നത് അഭികാമ്യമാണോ?

# കേരള നിയമസഭ
# 12.07.2012 -ലെ മറുപടിക്ക്

**<u>മണൽ ശേഖരണ സംസ്കരണ വിപണന സംഘങ്ങൾ</u>**

**6680 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 1-5-2011-ന് ശേഷം സഹകരണ വകുപ്പിനുകീഴിൽ മണൽ ശേഖരണ സംസ്കരണ വിപണന സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംഘങ്ങളുടെ പേര്, വിലാസം, ചീഫ് പ്രൊമോട്ടറുടെ പേര് എന്നിവ ലഭ്യമാക്കാമോ;

(സി) ജിയോളജിക്കൽ വകുപ്പിന്റെ അനുമതിപത്രം ഏതെങ്കിലും സംഘത്തിന് മലപ്പുറം ജില്ലയിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണോ മേൽ സംഘങ്ങൾ രജിസ്റ്റർ ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(സി) ജിയോളജിക്കൽ വകുപ്പിന്റെ അനുമതി പത്രം ഇല്ല എന്ന കാരണത്താൽ ഏതെങ്കിലും സംഘത്തിന്റെ രൂപീകരണവും ഷെയർ പിരിക്കുന്നതിനുളള അനുമതിയും നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ;

(ഇ) മണൽ ഖനനത്തിന് ഏതെങ്കിലും സംഘത്തിന് മലപ്പുറം ജില്ലയിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവക്ക് ജിയോളജി വകുപ്പിന്റെ അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പക്ഷാഘാതം വന്ന് തളർന്ന് കിടക്കുന്നവരുടെ വായ്പത്തുക**

**6681** **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പക്ഷാഘാതം വന്ന് തളർന്ന് കിടക്കുന്നവർ സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിരുന്ന വായ്പതുക എഴുതിത്തളളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ആനുകൂല്യം ലഭിക്കേണ്ടതിന് മറ്റേതെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) എത്ര രൂപവരെയുള്ള വായ്പകളാണ് ഈ ആനുകൂല്യത്തിൽ ഉൾപ്പെടുത്തി എഴുതിത്തളളുന്നത്;

(ഡി) ഇപ്രകാരം ഒരു ആനുകൂല്യം അനുവദിച്ചതു സംബന്ധിച്ച അറിയിപ്പ് സഹകരണ ബാങ്കുകളെ യഥാസമയം അറിയിച്ചിട്ടുണ്ടോ;

(ഇ) വായ്പ ഇളവ് ആനുകൂല്യത്തിന് അർഹരായവർ ബാങ്കുകളെ സമീപിക്കുമ്പോൾ ഇത്തരത്തിൽ അറിയിപ്പ് ലഭിച്ചിട്ടില്ല എന്ന് അറിയിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കോപ്പറേറ്റീവ് സൊസൈറ്റികള്‍ രജിസ്റ്റര്‍ ചെയ്യുന്നതിനുള്ള അപേക്ഷകള്‍**

6682 **ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോപ്പറേറ്റീവ് സൊസൈറ്റികള്‍ രജിസ്റ്റര്‍ ചെയ്യുന്നതിനുള്ള അപേക്ഷകള്‍ എ.ആര്‍., ജെ.ആര്‍ ഓഫീസുകളില്‍ കെട്ടിക്കിടക്കുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; എങ്കില്‍ ഏതെല്ലാം ജില്ലകളിലായി എത്ര വീതം അപേക്ഷകളില്‍ തീര്‍പ്പാക്കാനുണ്ട്;

(ബി) നിയമാനുസൃത നടപടിക്രമങ്ങള്‍ പൂര്‍ത്തീകരിച്ച ഭരണകക്ഷിയുടെ ശുപാര്‍ശയുള്ളവര്‍ക്ക് മാത്രം പുതിയ സൊസൈറ്റികള്‍ രജിസ്റ്റര്‍ ചെയ്തു നല്‍കിയാല്‍ മതിയെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ ;

(സി) എങ്കില്‍ ഇത്തരം ശുപാര്‍ശകള്‍ വേണമെന്ന് നിര്‍ബന്ധിക്കുകയും നല്‍കിയ അപേക്ഷയിന്‍മേല്‍ മാസങ്ങളായി നടപടിയെടുക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) കൂടുതല്‍ പേരെ സഹകരണ പ്രസ്ഥാനത്തിനു കീഴില്‍ കൊണ്ടുവരുകയെന്ന ഉദ്ദേശ്യം സാക്ഷാത്കരിക്കാന്‍ എന്തെങ്കിലും നടപടികള്‍ എടുത്തിട്ടുണ്ടോ ; എങ്കില്‍ വിവരിക്കുമോ ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>കൈത്തറി തുണികൾക്ക് റിബേറ്റ്</u>**

**6683 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**കൈത്തറി സഹകരണ സംഘങ്ങൾക്ക് എത്ര റിബേറ്റ് കുടിശ്ശിക നൽകാനുണ്ട്; കൈത്തറി തുണികൾക്ക് റിബേറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>നീതി സ്റ്റോറുകളിലെ സെയിൽസ്മാൻമാർ</u>

6684 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;**

(ബി) **27.11.2010-ലെ 207/10/സഹ. നമ്പർ ഉത്തരവ് പ്രകാരം നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;**

(സി) **പ്രസ്തുത ഉത്തരവ് നിലവിൽ വന്ന സമയത്തും അതിനു ശേഷവും തുടർച്ചയായി സെയിൽസ്മാൻ തസ്തികയിൽ ജോലി ചെയ്തുവന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ 'ആശ്രിത നിയമന വ്യവസ്ഥ'</u>

6685 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സഹകരണ സ്ഥാപനങ്ങളിൽ 'ആശ്രിത നിയമന വ്യവസ്ഥ' നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?**

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>അഞ്ചേരിയിലെ ആയുർധാരയിലെ ജീവനക്കാർ</u>**

**6686 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ അഞ്ചേരിയിലെ ആയുർധാര എന്ന സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് ഉളളത്; അതിൽ എത്ര എസ്.സി./എസ്.ടി, 40 വയസ് കഴിഞ്ഞ എത്രപേർ എന്ന് തരംതിരിച്ച് വിശദമാക്കാമോ;

(ബി) ഈ ജീവനക്കാർ എത്ര വർഷമായി ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ, പോസ്റ്റ് ക്രിയേഷൻ എന്നിവയുമായി ബന്ധപ്പെട്ട് ജീവനക്കാർ എന്തെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയും പോസ്റ്റ് ക്രിയേഷനും സ്ഥിരപ്പെടുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**'കേപ്പി'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകര്‍**

6687 ശ്രീ. റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 'കേപ്പി'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളില്‍ നിലവില്‍ എത്ര പേര്‍ ഗസ്റ്റ് അദ്ധ്യാപകര്‍ ആയി ജോലി നോക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പ്യൂട്ടര്‍ സയന്‍സ് വിഭാഗത്തില്‍ എത്ര പേര്‍ ഗസ്റ്റ് അദ്ധ്യാപകരായി ജോലി നോക്കി വരുന്നുണ്ട് ;

(സി) 'കേപ്പി'ല്‍ ഗസ്റ്റ് അദ്ധ്യാപകരായി ജോലി നോക്കി വരുന്നവരെ പിരിച്ച് വിട്ട് സ്ഥിരം നിയമനം നടത്താന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് മാനേജീരിയൽ ട്രെയിനിംഗ്</u>**

**6688** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പ്രത്യേക മാനേജീരിയൽ ട്രെയിനിംഗ് നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ ;

(ബി) സഹകരണ ആശുപത്രികളിലെ ജീവനക്കാരുടെ ശമ്പളസ്കെയിൽ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**ഖാദിമേഖലയിലുള്ള പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം**

6689 **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, സി. പി. മുഹമ്മദ്**
**,, എം. എ. വാഹീദ്**
**,, പാലോട് രവി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലുള്ള പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണസംഘങ്ങൾ എന്തെല്ലാം സഹായമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ബാങ്കുകളുടെയും ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായം ഇതിന് ലഭ്യമാക്കാൻ ശ്രമിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഖാദിമേഖലയുടെ വിപുലീകരണം**

6690 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയുടെ വിപുലീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആധുനീകരണത്തിനും, വിപുലീകരണത്തിനുമായി പുതിയ പദ്ധതി വിഭാവനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുതിയ യന്ത്രസാമഗ്രികൾ, അസംസ്കൃത വിഭവങ്ങൾ എന്നിവ ലഭ്യമാക്കൽ, അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ എന്നിവ പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>നേമം നിയോജക മണ്ഡലത്തിലെ ട്രാവൻകൂർ ടെക്സ്റ്റയിൽസ് ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

**6691 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ ട്രാവൻകൂർ ടെക്സ്റ്റെയിൽസ് ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്ന കെട്ടിടം തകർന്നു വീഴാറായ സ്ഥിതിയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജീവന് ഭീഷണിയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സൊസൈറ്റിയുടെ വിസ്തൃതമായ കോമ്പൗണ്ട് കാട് പിടിച്ചു കിടക്കുന്നതു മൂലം പരിസരവാസികളും സ്കൂൾ വിദ്യാർത്ഥികളും നേരിടുന്ന പാമ്പുകളുടെ ഭീഷണി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്ക്കരണം</u>

6692 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എന്തു പദ്ധതിയാണ് ഖരമാലിന്യ സംസ്ക്കരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുന്നിലുളളത് ; നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുളള ക്രിയാത്മകമായ പദ്ധതികൾക്ക് രൂപം നൽകുമോ; എങ്കിൽവിശദാംശം നൽകുമോ ?